കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – തിരുമാറാടി ഗ്രാമപഞ്ചായത്ത് സർവേ നമ്പർ 328/7B, 329/2B ൽ ഉൾപ്പെട്ട ആരാധനാലയത്തിന്റെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന്- തുക ഒടുക്കിയതിന് നേരിട്ട കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 07/2017/തസ്വഭവ തിരുവനന്തപുരം,തീയതി 07/03/2017.**

---

പരാമർശം:- 1) 31/12/2015 ലെ സ.ഉ. (ആർ.ടി) നമ്പർ 3961/2015/തസ്വഭവ.

2) റെവ.എച്ച്.എച്ച്. ബസേലിയോസ് മാർത്തോമ പൗലോസ് - II , മലങ്കര മെത്രാപ്പോലീത്ത കാത്തലിക്സ്, ദേവലോകം അരമന, ദേവലോകം പി.ഒ, കോട്ടയം സമർപ്പിച്ച അപേക്ഷ. .

3) 29.06.2016 ലെ സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ എ 3-477/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്ത് സർവേ നമ്പർ 328/7B, 329/2B എന്നിവയിൽപ്പെട്ട ഭൂമിയിൽ മോറാൻ മോർ ബസേലിയോസ് മാർത്തോമ പൗലോസ്-II , കത്തോലിക്കോസ് & മലങ്കര മെത്രാപ്പോലീത്ത, ദേവലോകം അരമന, കോട്ടയം പണിതീർത്തിട്ടുള്ള ആരാധനാലയ കെട്ടിടം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

**2)** പരാമർശം (1) പ്രകാരം കോമ്പൗണ്ടിംഗ് ഫീസായ 28030/- രൂപ (ഇരുപത്തിഎണ്ണായിരത്തി മുപ്പത് രൂപ) 30 ദിവസത്തിനകം ഗവൺമെന്റ് ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ രസീത്, തിരുമാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും, ഹാജരാക്കുന്ന മുറയ്ക്ക് Kerala Building (Regularisation of Unauthorised Construction) Rules 2014, പ്രകാരം പരാമർശ നിർമ്മാണം സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്ത് ക്രമവൽക്കരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

**3)** The Kerala Building (Regularisation of Unauthorised Construction) Rules 2014, ലെ ചട്ടം 5 പ്രകാരം, കോമ്പൗണ്ടിംഗ് ഫീ നിശ്ചിതസമയപരിധിക്കുള്ളിൽ ഒടുക്കിയില്ലെങ്കിൽ ക്രമവൽക്കരണ ഉത്തരവ് റദ്ദാക്കുന്നതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**4)** പരാമർശം (2) പ്രകാരം, ആരാധനാലയത്തിന്റെ അനധികൃത നിർമ്മാണം ക്രമവൽക്കിരക്കുന്നതിനായി കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കണമെന്നപേക്ഷിച്ചു കൊണ്ട് അപേക്ഷകൻ അപേക്ഷ സമർപ്പിച്ചിരുന്നു.

**5)** ടി ആരാധനാലയത്തിന്റെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് തുക ഒടുക്കിയതിന് നേരിട്ട കാലതാമസം മാപ്പാക്കി അനുമതി നൽകി ഉത്തരവുണ്ടാകണമെന്ന് പരാമർശം (3) പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശുപാർശ ചെയ്തിരുന്നു.

**6)** സർക്കാർ മേൽപ്പറഞ്ഞ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. തുക ഒടുക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കാമെന്ന് സർക്കാർ കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ സർവേ നമ്പർ 328/7B, & 329/2B യിൽ ഉൾപ്പെട്ട ആരാധനാലയത്തിന്റെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് കോമ്പൗണ്ടിംഗ് ഫീസായ 28030/- രൂപ (ഇരുപത്തി എണ്ണായിരത്തി മുപ്പത് രൂപ) ഒടുക്കുന്നതിനുമുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമപ്രഭ. ഡി
ജോയിന്റ് സെക്രട്ടറി

1) എച്ച്.എച്ച്. ബസേലിയോസ് മാർത്തോമ പൗലോസ് - II
മലങ്കര മെത്രാപ്പോലീത്ത കാത്തലിക്സ്,
ദേവലോകം അരമന, ദേവലോകം പി.ഒ, കോട്ടയം.
2) സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്ത്
3) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
4) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
5) സീനിയർ ടൗൺ പ്ലാനർ, എറണാകുളം
6) എക്സിക്യൂട്ടീവ് ഡയറക്ടർ, (ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്,
പാങ്ങപ്പാറ, തിരുവനന്തപുരം (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) കരുതൽ ഫയൽ/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ